(ഇ) തലസ്ഥാന നഗരിയിലെ പ്രധാന പാതകളിൽ 11 കെ. വി. വിതരണം ഭൂഗർഭ കേബിളുകളാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. എൽ. ടി. ശൃംഖല ഭൂഗർഭ കേബിൾ ആക്കുന്നതിന് സാങ്കേതികമായി പല പ്രയാസങ്ങളുമുണ്ട്.

വ്യവസായ സ്ഥാപനങ്ങളിലെ വൈദ്യുതി കുടിശ്ശിക

12 [2629] ശ്രീ. വി. കെ. ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഏതെല്ലാം വ്യവസായങ്ങൾക്കാണ് വൈദ്യുതി നിരക്കിൽ ഇളവ് നൽകി യിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ;

(ബി) ഏതെങ്കിലും വ്യവസായ സംരംഭങ്ങൾ വൈദ്യുത ചാർജിൽ കുടിശ്ശിക അടയ്ക്കുവാനുണ്ടോ;

(സി) ഉണ്ടെങ്കിൽ ഏതെല്ലാം വ്യവസായ സംരംഭങ്ങളാണ് കുടിശ്ശിക അടയ്ക്കുവാനുള്ളതെന്നും ഓരോ സ്ഥാപനവും എന്തു തുക കുടിശ്ശിക അടയ്ക്കുവാ നുണ്ട് എന്നും വെളിപ്പെടുത്തുമോ?

ഉത്തരം

(എ) വ്യവസായങ്ങൾക്ക് വൈദ്യുതി നിരക്കിൽ പ്രത്യേക ഇളവുകൾ നൽകു ന്നില്ല. എന്നാൽ കുടിശ്ശിക തവണകളായി അടയ്ക്കുന്നതിനുള്ള സൗകര്യവും അർഹ തപ്പെട്ട കേസ്സുകളിൽ പിഴപ്പലിശയിൽ ഇളവുകളും നിയമാനുസൃതം അനുവദിക്കാറുണ്ട്.

(ബി & സി) ഉണ്ട്. 31-12-2004-ലെ കണക്കനുസരിച്ചുള്ള വിശദ വിവരങ്ങൾ അനുബന്ധത്തിൽ ചേർത്തിരിക്കുന്നു.†

വൈദ്യുതി ബോർഡിൽ വിജിലൻസ് നടത്തിയ റെയ്ഡുകൾ

13 [2630] ശ്രീ. തോമസ് ചാഴികാടൻ:

,, റോഷി അഗസ്റ്റിൻ:

,, കെ. നാരായണക്കുറുപ്പ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വടക്കൻ ജില്ലകളിൽ വൈദ്യുതി ബോർഡ് വിജിലൻസ് നടത്തിയ റെയ്ഡിൽ എത്ര കോടിയുടെ മോഷണമാണ് കണ്ടെത്തിയിട്ടുള്ളതെന്ന റിയിക്കുമോ;

(ബി) എത്ര പേരുടെ പേരിൽ വൈദ്യുതി മോഷണത്തിന് കേസെടുത്തിട്ടു ണ്ടെന്നറിയിക്കാമോ;

† അനുബന്ധം VIII

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇവർക്കെതിരെ എന്തു നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ;

(ഡി) സംസ്ഥാനത്ത് വൈദ്യുതി മോഷണം തടയുന്നതിന് വിജിലൻസിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ & ബി) ഇത് സംബന്ധിച്ച ജില്ലതിരിച്ചുള്ള കണക്ക് താഴെ കൊടുക്കുന്നു.

ജില്ല	തുക	കേസുകളുടെ എണ്ണം
പാലക്കാട്	20,99,23,230	10
കണ്ണൂർ	1,13,41,000	5
കാസർഗോഡ്	31,16,681	2
	22,43,80,911 രൂപ	17 എണ്ണം

(സി) പ്രസ്തുത ഉപഭോക്താക്കളുടെ വൈദ്യുതി ബന്ധം വിച്ഛേദിക്കുകയും, മോഷ്ടിക്കപ്പെട്ട വൈദ്യുതിയുടെ തോത് തിട്ടപ്പെടുത്തി പിഴ ഈടാക്കാൻ നടപടിയെടുക്കുകയും ക്രിമിനൽ കേസ്സെടുക്കുകയും ചെയ്തിട്ടുണ്ട്.

(ഡി) ഇക്കാര്യത്തിൽ ഇന്ന് നിലവിലുള്ള സംവിധാനങ്ങൾ വൈദ്യുതി മോഷണം തടയുന്നതിന് പര്യാപ്തമാണ്. എന്നിരിക്കിലും ഇനിയും കൂടുതൽ കാര്യക്ഷമമാക്കാൻ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

വ്യവസായങ്ങൾ ആരംഭിക്കുന്നതിനായി വൈദ്യുതി കണക്ഷനുവേണ്ടി സമർപ്പിച്ച അപേക്ഷകൾ

14 [2631] ശ്രീ. വി. കെ. സി. മമ്മത്കോയ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുതിയ വ്യവസായങ്ങൾ ആരംഭിക്കുന്നതിനായി വൈദ്യുതി കണക്ഷനുവേണ്ടി സമർപ്പിച്ച എത്ര അപേക്ഷകൾ നിലവിലുണ്ട്;

(ബി) അപേക്ഷകളുടെ കാലപ്പഴക്കവും എണ്ണവും ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(സി) കാലതാമസം ഒഴിവാക്കി വ്യവസായങ്ങൾക്ക് വൈദ്യുതി നൽകാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചെന്ന് വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത കാര്യത്തിൽ മുൻഗണന നൽകാൻ നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly